**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി.3523 30/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**<u>മലയാളം-നിർബന്ധിതഭാഷ</u>**

**<u>ചോദ്യം</u>**
**ശ്രീമതി.പി.അയിഷാ പോറ്റി**

**<u>ഉത്തരം</u>**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സമഗ്ര മലയാളഭാഷാ നിയമം പാസാക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സമഗ്ര മലയാളഭാഷാ നിയമം ഇതുവരെ രൂപപ്പെടുത്തിയിട്ടില്ല. എന്നാൽ സമഗ്ര മലയാളഭാഷാ നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് തയ്യാറാക്കിയ പ്രാഥമിക രൂപരേഖ വിവിധ വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്? | (ബി) | നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഭരണരംഗത്ത് മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഭരണഭാഷ മലയാളമാക്കിയിട്ടുള്ള എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. അതുപ്രകാരം കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർസ്ഥാപനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി തുടങ്ങിയവയുമായി ബന്ധപ്പെട്ടഉത്തരവുകൾ വിവിധ വകുപ്പുകൾ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിരുന്നത്. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ മലയാളത്തിന്റെ ഉപയോഗം ഭരണരംഗത്ത് സാർവ്വത്രികമല്ലാതിരുന്നതും, ഭരണഭാഷാ പരിശീലനത്തിന്റെ അഭാവവും സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് കേരളത്തിലെ ഉദ്യോഗസ്ഥർക്ക് യൂണിക്കോഡധിഷ്ഠിത മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാപരിശീലനം എന്നിവ ലഭ്യമാക്കുന്നതിനും കോഡുകളും, മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് കർമ്മപരിപാടി രൂപപ്പെടുത്തി നടപ്പിലാക്കുന്നതിനും എല്ലാവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ